# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 896

10/02/2016-ൽ മറുപടിക്ക്

# അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 475 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) ഇല്ല.<br>പ്രസ്തുത പ്രവൃത്തിയ്ക്ക് ദർഘാസ് സ്വീകരിക്കുവാനുള്ള അവസാന തീയതി 14/10/2015 ആയി ദർഘാസ് ക്ഷണിച്ച് 19/10/2015-ൽ തുറന്നു. അതിൽ 4 പേർ പങ്കെടുത്തിട്ടുണ്ട്. ടി ദർഘാസുകൾ ഇപ്പോൾ പരിശോധനയിലാണ്. |
| (ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് 26/12/2014-ന് ഭരണാനുമതി ലഭിച്ചുവെങ്കിലും സി.പി.ഡബ്ല്യു.ഡി റേറ്റ് കേരള വാട്ടർ അതോറിറ്റിയിലും നിലവിൽ വന്നതിനാൽ ടി എസ്റ്റിമേറ്റ് ഡി.എസ്.ആർ പ്രകാരം പുതുക്കി വരികയായിരുന്നു. എന്നാൽ 04/7/15-ലെ ഉത്തരവു പ്രകാരം 01/4/2015-ന് മുമ്പ് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്.ഒ.ആർ 2012 പ്രകാരമുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുവാൻ ഉത്തരവാകുകയുണ്ടായി. അതു പ്രകാരം മേൽ പ്രവൃത്തിയ്ക്ക് 10/8/2015-ൽ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തു. 14/10/2015 ടെണ്ടർ സ്വീകരിക്കുവാനുള്ള അവസാന തീയതി |

യായി ടി പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകൾ ഇപ്പോൾ പരിശോധനയിലാണ്.

(സി) എന്തെല്ലാം നടപടിക്രമങ്ങളാണ് പണി ആരംഭിക്കുന്നതിനായി പൂർത്തികരിക്കേണ്ടതായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) ദർഘാസ് അംഗീകാരം നൽകിയാൽ ഉടൻ കരാറുകാരന് സെലക്ഷൻ നോട്ടീസ് കൊടുത്ത് തെരഞ്ഞെടുക്കൽ വിവരം അറിയിക്കുകയും ഉടമ്പടിയിൽ ഏർപ്പെടുന്നതിന് നിലവിലെ നിയമ പ്രകാരം 20 ദിവസം അനുവദിക്കുന്നതുമാണ്. കരാർ വച്ച് കഴിഞ്ഞാൽ കരാറുകാരൻ പൈപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള റോഡുകൾ കുഴിക്കുവാനുള്ള അനുമതി ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്കും ടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ